**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6291** **20-03-2023 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ മുഖേന ട്രൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുമ്പോൾ അവരുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്ത് പോകാതിരിക്കുന്നതിനും വന വിഭവങ്ങൾ ശേഖരിക്കുന്നതിന് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തലമുറകളായി ഉപയോഗിച്ചുവരുന്ന വനഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്ന വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് ആവാസ വ്യവസ്ഥയ്ക്ക് പുറത്ത് പോകാതെ വനവിഭവ ശേഖരണത്തിന് സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്നില്ല.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങളെ അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്ന തരത്തിലാണ് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നത്. ഇതിനായി അവർ താമസിക്കുന്ന പ്രദേശങ്ങളിലോ അതിനടുത്തായോ ആണ് ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നത്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ പുനരധിവസിപ്പിക്കപ്പെടുന്നവർ കടുത്ത മാനസിക സമ്മർദ്ദം നേരിടുന്നതും നിരവധി കുടുംബങ്ങൾ തിരികെ പോകുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്.വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരത്തിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്ന തിനായി വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പെടെയുള്ള ശുപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ